**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1663** **15-03-2022 - ൽ മറുപടിയ്ക്ക്**

**സ്വാശ്രയ-എയ്ഡഡ് കോളേജുകളിൽ പുതിയ കോഴ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | null<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്വാശ്രയ മേഖലയിലും എയ്ഡഡ് മേഖലയിലും പ്രവർത്തിച്ചുവരുന്ന കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്ന കാര്യത്തിൽ സർക്കാരിന്റെ നയം വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് എയ്ഡഡ് മേഖലയിൽ പ്രവർത്തിച്ചുവരുന്ന കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്ന കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല. സ്വാശ്രയ മേഖലയിൽ 2021-22 അധ്യയന വർഷം പുതിയ കോഴ്സുകൾ അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഏതെല്ലാം പുതുതലമുറ കോഴ്സുകളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ;പ്രസ്തുത കോഴ്സുകൾ കോളേജുകൾക്ക് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ; | (ബി) | സർക്കാർ നിയോഗിച്ച ഉന്നതവിദ്യാഭ്യാസ പരിഷ്കരണ കമ്മീഷന്റെ നിർദ്ദേശങ്ങൾ ക്കനുസരിച്ച് പുതുതലമുറ കോഴ്സുകളുടെ വിശദാംശങ്ങൾ പരിശോധിക്കുന്നതാണ്. |
| (സി) | എയ്ഡഡ് മേഖലയിൽ മുൻപ് അനുവദിച്ച കോഴ്സുകൾക്ക് ആനുപാതികമായി സ്റ്റാഫ് പാറ്റേൺ അനുവദിച്ച് തസ്തിക സൃഷ്ടിച്ച് ഉത്തരവ് ഇറക്കിയിട്ടുണ്ടോ;ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (സി) | ഉണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. 1) ജി.ഒ. (എം.എസ്.) നം.142/2015/ഉ.വി.വ. തിയതി 20/04/2015. 2) ജി.ഒ. (എം.എസ്.) നം.21/2016/ ഉ.വി.വ. തിയതി 01/02/2016 3) ജി.ഒ. (എം.എസ്.) നം.20/2016/ഉ.വി.വ. തിയതി 01/02/2016 4) ജി.ഒ. (എം.എസ്.) നം.184/2016/ഉ.വി.വ. തിയതി 05/09/2016 5) ജി.ഒ. (എം.എസ്.) നം.199/2016/ ഉ.വി.വ. തിയതി 25/09/2016 6) ജി.ഒ. (എം.എസ്.) നം.177/2019/ഉ.വി.വ. തിയതി 21/06/2019 7) ജി.ഒ. (എം.എസ്.) നം.41/2020/ഉ.വി.വ. തിയതി 19/01/2020 8) ജി.ഒ. (എം.എസ്.) നം.58/2020/ ഉ.വി.വ. തിയതി 29/01/2020 9) ജി.ഒ. (എം.എസ്.) നം.471/2020/ഉ.വി.വ. തിയതി 30/12/2020 |
| (ഡി) | എയ്ഡഡ് മേഖലയിൽ ഗസ്റ്റ് അധ്യാപകരായി സേവനമനുഷ്ഠിച്ചു വരുന്ന അധ്യാപകരുടെ ശമ്പളം കുടിശ്ശികയായിട്ടുണ്ടോ;ഉണ്ടെങ്കിൽ ആയത് അടിയന്തരമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | നിലവിലുള്ള ഉത്തരവുകൾ/സർക്കുലറുകൾ പ്രകാരം കൃത്യമായ രേഖകളോട് കൂടി സമർപ്പിക്കുന്ന ഗസ്റ്റ് അധ്യാപകരുടെ ബില്ലുകൾ പാസാക്കി നൽകുന്നുണ്ട്. എല്ലാ ഗസ്റ്റ് അധ്യാപകരുടെയും വേതനം കൃത്യമായ ഉറപ്പാക്കണമെന്ന് എല്ലാ ഡി.ഡി. ഓഫീസുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ